
# സമന്വയം



little KITEs
I T CLUB

## H S S OF JESUS KOTHAD

H S S OF JESUS KOTHAD

little KITEs
I T CLUB

# 2020-23



# EDITORIAL BOARD MEMBERS





Swetha Santhosh　　Nidhiya Sebastian



Ashil Vinoj

## പത്രാധിപക്കുറിപ്പ്

2021-22 വർഷത്തിലും കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഞങ്ങൾ ഇവിടെ പങ്കുവയ്ക്കുന്നു . സാങ്കേതിക വിദ്യ യോടൊപ്പം സർഗാത്മകതയുടെയും സമന്വയം ആണ് ഈ മാഗസിൻ . കുട്ടികളുടെ സർഗാത്മകതയോടൊപ്പം സാങ്കേതിക മുന്നേറ്റങ്ങളും എല്ലാവരിലുമെത്തിക്കുക എന്നതാണ് ഈ ഡിജിറ്റൽമാഗസീന്റെ ഉദ്ദേശ്യം . വെല്ലുവിളികൾ ധാരാളമുള്ള ഈ കാലയളവിൽ ഇത്തരം സാഹചര്യങ്ങളോട് പ്രതികരിക്കാനും വിമർശിക്കാനും ഇത് വിദ്യാർത്ഥികളെ സഹായിക്കുന്നു. ആസ്വാദനത്തിനും ആരോഗ്യകരമായ പ്രതികരണങ്ങൾക്കും വേണ്ടി ഈ മാഗസിൻ ഞങ്ങൾ സമർപ്പിക്കുന്നു

ഒത്തിരി സ്നേഹത്തോടെ

**പത്രാധിപസമിതി**

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
പ്രവർത്തനങ്ങളിലെ ഏറ്റവുംഅഭിമാനകരമായ
ഒരു പ്രവർത്തനമാണ് മാഗസിൻ നിർമാണം .
കുട്ടികളുടെ രചനകൾ സാങ്കേതികമികവോടെ
അവതരിപ്പിയ്ക്കുവാൻ ഇതിലൂടെ സാധിക്കുന്നു .
ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കൈറ്റ്
അംഗങ്ങൾക്കും അവർക്കു നേതൃത്വം നൽകിയ
കൈറ്റ് അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ .
ഇനിയും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു
നടത്തുവാൻ നിങ്ങള്ക്ക് കഴിയട്ടെ
എന്നാശംസിക്കുന്നു

എന്ന് ഹെഡ് മിസ് ട്രസ്



MARY C M

# H S S OF JESUS KOTHAD



# Table of Contents


അടക്കായ്യെോരു കുഞ്ഞടയ്ക്ക - കഥ........8
ഇസബൽ മരിയ 9B........8
ലഹരി മുക്ത കേരളം........10
-Adharsh Joseph........10
Riddles........11
ഉത്സവം - കഥ........12
നിതിയ ശ്രീജി STD 9........12
ഓൾഡ് ഇസ് ഗോൾഡ്........14
-MARY LATHA K M........14
മണ്ണട്ടിക്കു കീഴേ ഉറങ്ങുന്ന സഖിക്ക് - കവിത........24
ജിജി വി ജി (അധ്യാപിക)........24
പെണ്ണവൾ കവിത........27
അസിൻ ജോമോൻDrawing by ElsaAngel 9B........29
താരാട്ട്........35
എധന റോസ്........35
കുസൃതി ചോദ്യങ്ങൾ........37
-അമൃത പ്രതാപൻ........37
നിലാവ്........42

# അടക്കായ്ക്കൊരു കുഞ്ഞടയ്ക്ക - കഥ

**ഇസബെൽ മരിയ 9B**



ഒരിടത്തൊരിടത്ത് ഒരു പാടം ഉണ്ടായിരുന്നു.നല്ല പച്ചപ്പ് നിറഞ്ഞ പാടമായിരുന്നു.നിറയെ ധാന്യങ്ങളും പച്ചക്കറികളും അവിടെ വിളഞ്ഞിരുന്നു.ആ പാടത്തിന്റെ ഉടമസ്ഥൻ ആയിരുന്ന കുട്ടപ്പൻ ചേട്ടനാണ് അവിടത്തെ കൃഷി നടത്തിയിരുന്നത്.കൃഷിയിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ടാണ് കുട്ടപ്പൻ ചേട്ടനും കുടുംബവും ജീവിച്ചു പോന്നത്.കൃഷിയിൽ നിന്നും ഒരുപാട് വിളവ് കിട്ടുന്നതുകൊണ്ട് അവർ ക്ക് ആഹാരത്തിന് ഒരു കുറവും ഉണ്ടായിരുന്നില്ല.അങ്ങനെ അവരുടെ കുടുംബം സന്തോഷമായി കഴിഞ്ഞു.കുറേ നാളുകൾക്ക് ശേഷം കാലാവസ്ഥ മോശമായി.വെള്ളത്തിന് ക്ഷാമം വന്നു.നിലമാകെ വരണ്ടു.കൃഷിയിടത്തേക്ക് വെള്ളം ലഭിക്കാതെയായി.കുട്ടപ്പൻ ചേട്ടനും കുടുംബവും വളരെ ബുദ്ധിമുട്ടിലായി.കുട്ടപ്പൻ ചേട്ടൻ പാടത്തേക്ക് പോവാതെയായി.ഇനി എന്തുചെയ്യണമെന്ന് അദ്ദേഹത്തിന് അറിയില്ല.പിന്നീട് കുട്ടപ്പൻ ചേട്ടൻ അദ്ദേഹത്തിന്റെ വീടുംകൃഷിയിടവും വിറ്റ് സിറ്റിയിലേക്ക് വീടു മാറി.പോകുന്നതിന് മുമ്പ് കുട്ടപ്പൻ ചേട്ടൻ ഒരു തവണ കൂടി കൃഷിയിടത്തിലേയ്ക്ക് പോയി.കൃഷിയിടം മുഴുവൻ കാടുപിടിച്ച് കിടക്കുകയായിരുന്നു.കുട്ടപ്പൻ ചേട്ടൻ വിഷമിച്ചു നടക്കുന്ന സമയത്ത് കാലിൽ എന്തോ തടഞ്ഞു.ഒരു അടയ്ക്കാക്കുരു.ആ

അടക്കാക്കുരു പാടത്തേക്ക് വലിച്ചെറിഞ്ഞു.കുറച്ചുനാൾ ആ അടക്കാക്കുരു മുളച്ചു വളർന്ന് വലിയ മരമായി.അതിൽ നിറയെ അടക്കകൾ ഉണ്ടായി.ആ പാടത്ത് മറ്റ് മരങ്ങൾ ഒന്നും ഇല്ലായിരുന്നു.അതിനാൽ ആ അടയ്ക്കാ മരത്തിന് സങ്കടം വന്നു.തനിക്ക് കൂട്ടായി ഒരു അടയ്ക്കാമരം വേണമെന്ന് വസന്തദേവനോട് പ്രാർത്ഥിച്ചു.വസന്തദേവൻ ആ പ്രാർ ത്ഥന കേട്ടു.അപ്പോൾ തന്നെ അടയ്ക്കാമരത്തിൽ പഴുത്തിരുന്ന ഒരു അടയ്ക്കാ മണ്ണിലേക്ക് വീണു.അടയ്ക്കാ കുറേനാളുകൾക്കു ശേഷം വളർന്നു പൊങ്ങി.അടയ്ക്കാമരത്തിന്റെ

ഒപ്പമെത്തി.അടയ്ക്കാമരത്തിനുസന്തോഷമായി.അങ്ങനെ അവർ രണ്ടുപേരും സന്തോഷത്തോടെ ജീവിച്ചു

## ലഹരി മുക്ത കേരളം

ഒരു രാജ്യത്തിൻറെ ഭാവി കുട്ടികളിൽ ആണ്. എന്നാൽ രാജ്യത്തിൻറെ ഭാവി തകർക്കും വിധം കുട്ടികളിൽ സുലഭമായി കണ്ടുവരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം . മുതിർന്നവർക്ക് മനസ്സാന്നിധ്യം കൊണ്ടും അദ്ധ്വാനം കൊണ്ടും ലഹരിയെ ഒരു പരിധി വരെ അകറ്റി നിർത്താൻ

സാധിക്കും . എന്നാൽ കുട്ടികളിൽ അതിനുള്ള സാധ്യത വളരെ കുറവാണ് . എന്തെന്നാൽ അടിമപ്പെട്ടതിൽ നിന്നും മോചനം നേടാൻ അവർ ആഗ്രഹിക്കുന്നില്ല . പലപ്പോഴും മോശം കൂട്ടുകെട്ടുകൾ തന്നെയാണ് ഇത്തരം സാഹചര്യങ്ങളിൽ കൊണ്ടെത്തിക്കുന്നത്. ആദ്യമൊക്കെ ഒരു രസത്തിനായി തുടങ്ങുന്ന ഈ ലഹരി ഉപയോഗം ക്രമേണ ശീലമായി മാറുന്നു. പിന്നീട് ആ ശക്തിയിലേ ക്കു അടിമത്തത്തിലേക്ക് നീങ്ങുന്നു. അടുത്തയിടെ നടത്തിയ പഠനപ്രകാരം കൗമാരപ്രായത്തിൽ മദ്യത്തിനും മയക്കമരുന്നിനും അടിമപ്പെടുന്ന കുട്ടികൾ ഭാവിയിൽ പലതരത്തിലുള്ള സങ്കീർണ്ണതകൾ നേരിടുന്നുണ്ട് . കൗമാരപ്രായത്തിലുള്ള ഇത്തരം സങ്കീർണ്ണതകൾ ലഘൂകരിക്കുവാൻ സാധിക്കുന്ന പലതരം പ്രവർത്തനങ്ങൾ സ്കൂളിലും സമൂഹത്തിലും ഉണ്ട്. കലാകായിക പരിശീലനങ്ങൾ , ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവയിൽ ഉള്ള സജീവ ഇടപെടലുകൾ കൊണ്ട് പല ബുദ്ധിമുട്ടുകളും തരണം ചെയ്യാൻ സാധിക്കും.



**-Adharsh Joseph**
9 B

# Riddles

1. What can be seen once in a minute twice in a moment,

   And never in a thousand years?

2. Which tyre doesn't move when a car turns right?

3. I'm not alive but have 5 fingers , What am I?

4. Which word is written

   Incorrectly in a dictionary?

5. A truck drove to a village and met 4 cars.

   How many vehicles were going to the village?

6. People buy me to eat ,but never eat me,

   what am I?

7. We kill and we give life. We are either poison or fruit

   you choose.What are we?

8. Which hand is best for stirring sugar into a cup of tea?

9. What is it that you can't hold for more than a few seconds?

10. What's green ,but not a leaf,

    copies others ,but is not a monkey?

**ANSWERS**

1. M
2.The spare tyre
3. Glove
4. Incorrectly
5. One truck
6.A plate
7.Words
8.It's better to use a spoon



9. Your breath JOSNEHAN JUDE
10.A parrot 9 B

## ഉത്സവം - കഥ



**നിതിയ ശ്രീജി STD 9**

ഇനിയും നേരം വെളുത്തിട്ടില്ല.രാത്രിയുടെ ആഴത്തിലുള്ള കറുപ്പ് മാറി വരുന്നതേയുള്ളൂ.കൊഴിഞ്ഞുപോയ രാത്രി വിനയൻെറ കണ്ണുകൾ അടഞ്ഞിരുന്നില്ല.രാത്രി മുഴുവൻ ഗാഢമായ ചിന്തയിലായിരുന്നു.മൂന്നു വർഷങ്ങൾക്ക് പിന്നിലേക്ക് മനസ്സ് സഞ്ചരിക്കാൻ തുടങ്ങി........ " ദേ,പോവാട്ടോ.നിങ്ങൾ ഒരുങ്ങി കഴിഞ്ഞില്ലേ.എപ്പോൾ തുടങ്ങിയതാ ഇത്." ആരെയോ തോൽപിക്കാൻ എന്ന മട്ടിൽ കുതിച്ചു കൊണ്ടിരുന്ന ഘടികാരത്തെ നോക്കി വിനയൻ ഒച്ച് വച്ചു. "ദേ, വരുന്നു അച്ഛാ...ഞാൻ ഒരുങ്ങി.ഈ അമ്മയാണ്."കൂട്ടിനുള്ളിൽ നിന്ന് കരയുന്ന കുരുവിക്കുഞ്ഞിനെപ്പോലെയാണ് വിനയന് ആ മറുപടി തോന്നിയത്.തുള്ളിച്ചാടി അവൾ അയാളുടെ മുമ്പിൽ വന്നു. "ഈ അമ്മ ഇന്നൊന്നും വരുമെന്നു തോന്നുന്നില്ല.നമ്മുക്ക് പോവാം." വിനയന്റെ അതിനനുള്ള മറുപടി ഒരു ചെറു പുഞ്ചിരിയായിരുന്നു.പച്ച നിറമുള്ള പട്ടു സാരിയുടുത്ത് അവൾ മുറിയിൽ നിന്നും ഇറങ്ങി വന്നു.അവളുടെ ലാവണ്യം കണ്ണാൽ ആവോളം കോരിക്കുടിച്ചു.അന്ന് നാട്ടിലെ അമ്പലത്തിൽ

ഉത്സവമാണ്.നിന്ന് തിരിയാൻ പോലും സ്ഥലം പോലും ഇല്ലാത്ത വിധം അമ്പലത്തിൽ തിരക്കായിരുന്നു.മാളുവിന്റെ കണ്ണുകൾ പല വർണ്ണങ്ങളിലുള്ള കളിപ്പാട്ടങ്ങളിലൂടെ ചുറ്റി നടന്നു.മറുനാട്ടിൽ നിന്ന് വന്നിട്ട് ആദ്യത്തെ ഉത്സവമാണ്.പെട്ടെന്നാണ് അത് അവളുടെ കണ്ണിൽ പെട്ടത്.പല നിറത്തിലും രൂപത്തിലും ഉള്ള ബലൂണുകൾ. “ അച്ഛാ...ഒരു ബലൂൺ മാളൂനും വേണം........” “അച്ഛൻ വാങ്ങി തരാം.ഇപ്പോഴല്ല.പിന്നീട്.നമുക്ക് ആദ്യം ചെണ്ട മേളം കാണാൻ പോകാം.” മാളു അധികം വാശി പിടിക്കാതെ അച്ഛന്റെ വാക്ക് കേട്ടു.ആകാശത്ത് പല നിറത്തിൽ പായ വിരിച്ച പോലെ ഭീകര സ്വരത്തിൽ വെടിക്കെട്ട് തുടങ്ങിയിരുന്നു. “അച്ഛാ....ബലൂൺ വാങ്ങാം.അത് തീർന്നു പോകും.”മാളുവിന്റെ വാശിക്കു മുന്നിൽ വിനയൻ കീ**ടങ്ങി.** “ അച്ഛാ ഞാനും വരാം.അമ്മ ഇവിടെ നിൽക്കട്ടെ.” “അത് വേണ്ട മാളു.നീ ഇവിടെ അമ്മേടെ ഒപ്പം നിൽക്കു.അച്ഛൻ പോയി വാങ്ങിയിട്ടു വരാം.” അയാൾ പറമ്പിന്റെ ഒരറ്റത്തുള്ള ബലൂൺ വില്പനക്കാരന്റെ അടുത്ത് എത്തി.പെട്ടെന്ന് ഭീകരമായ ഒച്ചയും ആളുകളുടെ നിലവിളിയും ഉയർന്നു വന്നു.വിനയൻ ഓടി അതിന്റെ അടുത്ത് എത്തി.ഒരോരുത്തർ ജീവനുവേണ്ടി മല്ലടിക്കുന്നു.അപ്പോഴാണ് തന്റെ പ്രിയതമയുടെ ചേതനയറ്റ ശരീരം അയാൾ കാണുന്നത്. പെട്ടെന്ന് ഒരു ഞെട്ടലോടെ വിനയൻ കണ്ണ് തുറന്നു...........നേരം ഇപ്പോൾ നന്നേ വെളുത്തിരിക്കുന്നു. “അച്ഛാ.......ഇന്നല്ലേ അച്ഛാ ഉത്സവം.പക്ഷേ.....മാളു എങ്ങനെ പോകും.......” പകുതി മാത്രം ഉള്ള കാലുകളിലേക്ക് നോക്കി മാളു വിനയനോട് ചോദിച്ചു. “ അച്ഛൻ കൊണ്ട് പോകാം മോളേ നിന്നെ......”വീടിന്റെ ചുമരിൽ തൂക്കിയ തന്റെ ഭാര്യയുടെ ചിത്രത്തിലേക്ക് നോക്കി അയാൾ പറഞ്ഞു. “ നമുക്ക് പോവാം മോളെ.” അയാളുടെ നേത്രങ്ങളിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞുക്കൊണ്ടിരുന്നു............

## ഓൾഡ് ഇസ് ഗോൾഡ്

**-MARY LATHA K M**

ലാസ്റ്റ് പിരിയഡ് ഫ്രീ ആയതിനാൽ വരാന്തയിൽ നോട്ടീസ് ബോർഡിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന എന്റെ പിന്നിൽ നിന്ന് ഒരു ചോദ്യം "ടീച്ചറേ എനിക്ക് ഒരു പിൻ തരുമോ..." . ചോദ്യം കേട്ട് തിരിഞ്ഞുനോക്കി. 9 A യിലെ സജ്ന. ജോലിയിൽ പ്രവേശിച്ചിട്ട് അധികം ആയിട്ടില്ല. അതുകൊണ്ടുതന്നെ കുട്ടികളോട് നല്ല ഒരു അടുപ്പമുണ്ടായിരുന്നു. "തരാമല്ലോ" പേഴ്സിൽനിന്ന് പിൻ എടുത്തു കൊടുത്തു.

"എന്തിനാ ?".

"ബാഗിൽ കുത്താൻ ".പറഞ്ഞിട്ട് അവൾ വേഗം പോയി.ബാഗിന്റെ സിപ്പ് പോയിട്ടുണ്ടാവും മനസ്സിൽ കരുതി.

ബെല്ലടിച്ചു. വീണ്ടും അവൾ സ്റ്റാഫ് റൂമിൽ എന്റെ അടുത്തേക്ക് വന്നു ചോദിച്ചു "ടീച്ചറെ ഒരു പിൻ കൂടി തരുവോ?". വീണ്ടും എവിടെനിന്നോ ഒരു പിന്നു കൂടി സംഘടിപ്പിച്ചു കൊടുത്തു .

സ്കൂൾ വിട്ട് ബസ് സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ തൊട്ടുമുന്നേ അവൾ അനിയത്തിയുടെ കൂടെ നടക്കുന്നു. അപ്പോഴാണ് ഞാൻ ആ ബാഗ് ശ്രദ്ധിച്ചത് കഷ്ടം! ബാഗിന്റെ വശം മുഴുവൻ തുന്നൽ വിട്ട് കീറിയിരിക്കുന്നു.ഞാൻ നടപ്പിനു വേഗം കൂട്ടി അവളുടെ അടുത്തെത്തി. "അയ്യോ ബാഗ് മുഴുവൻ കീറിയോ ബാഗ് തോളിൽ തൂക്കിയിടാതെ കൈയിൽ താങ്ങിപ്പിടിച്ച് കൊണ്ടുനടക്കുന്ന അവളോട് ചോദിച്ചു ." ഉം ". "അതെന്താ" .അവൾ പറഞ്ഞു "അമ്മയുടെ കയ്യിൽ കാശില്ല, ഇതു പഴയതാ". "അച്ഛന് എന്താ ജോലി?". ഞാൻ പെട്ടെന്നു ചോദിച്ചു. "അച്ഛൻ മരിച്ചു പോയി ടീച്ചറേ, ഞങ്ങൾ അമ്മയുടെ ചേട്ടന്റെ വീട്ടിലാ താമസിക്കുന്നത്".അവൾ കഥ പറഞ്ഞു."അമ്മയ്ക്ക് വീട്ടുജോലിയാണ് "

കഷ്ടം. അപ്പോയിന്മെന്റ് പാസ്സ് അയിരുന്നെങ്കിൽ ഒരു ബാഗ് വാങ്ങി കൊടുക്കാമായിരുന്നു എന്ന് മനസ്സിൽ കരുതി. കഴിഞ്ഞദിവസം എന്റെ വീട്ടിൽ ഉണ്ടായ സംഭവം ഞാൻ ഓർത്തു. എന്റെ കുട്ടികൾക്ക് സ്കൂബിഡേ ബാഗ് നാലഞ്ച് മാസം മുൻപ് വാങ്ങിക്കൊടുത്തത് അവർക്കിഷ്ടപ്പെട്ടില്ല . പുതിയ ബ്രാൻഡിന്റെ പേര് പറഞ്ഞു എല്ലാവരും അത് ഉപയോഗിക്കുന്നു എന്നു സങ്കടം പറഞ്ഞ് മകൾ. അതുകേട്ട് അന്ന് വൈകിട്ട് തന്നെ മകൾ പറഞ്ഞ ബ്രാൻഡും

ആയി ഹസ്ബൻഡ് വന്നു. പിറ്റേന്നു മുതൽ സ്കൂബി ഡേ വീടിന്റെ ഒരു വശത്ത് ഇരിക്കുന്നു, ഇനി അത് വീടിനകത്ത് വയ്ക്കാൻ സ്ഥലമില്ല." വല്ല പാറ്റയും പല്ലിയും പെരുകും" ഭർത്താവിൻറെ ശാസനം വകവയ്ക്കാതെ ബാഗ് ഞാൻ എടുത്തു കഴുകി ഉണക്കി വച്ചു.

"എന്റെ കൈവശം ഒരു ബാഗുണ്ട് . ടീച്ചർ അത് കൊണ്ടുവന്ന് തരട്ടെ? ". "കൊണ്ടുവരോ?" കണ്ണുകൾ ഉയർത്തി അവൾ ചോദിച്ചു . "പഴയതാ. എന്നാലും കേട് ഒന്നും ആയിട്ടില്ല". "അതൊന്നും കുഴപ്പമില്ല ടീച്ചറെ".

ഇതുപറഞ്ഞ് റോഡ് ക്രോസ് ചെയ്തു എതിർവശത്തുള്ള ബസ് സ്റ്റോപ്പിലേക്ക് അവൾ നടന്നു . പിറ്റേദിവസം, രാവിലെ ഞാൻ ബാഗ് ഒരു കവറിലാക്കി സ്കൂളിലെത്തി. സ്കൂൾ മുറ്റത്ത് കൂട്ടുകാരുമൊത്തു നിന്നിരുന്ന അവളെ ഞാൻ വിളിച്ചു."ടീച്ചർ അത് ടീച്ചറിന്റെ സ്ഥലത്ത് വെച്ചോളൂ വൈകുന്നേരം ഞാൻ എടുത്തുകൊണ്ടു പോവാം, അല്ലെങ്കിൽ എല്ലാവരും അറിയും, ഇന്നു ഞാൻ കുറച്ചു പുസ്തകം മാത്രേ കൊണ്ടു വന്നിട്ടുള്ളൂ. ഇന്നലെ കീറിയ ഭാഗം ഞാൻ തുന്നി, കൈ പൊട്ടിയപ്പോൾ നിർത്തി. എല്ലാ പുസ്തകോം വെച്ചാൽ ബാഗിനിയും കീറും ".

വൈകുന്നേരം പറഞ്ഞപോലെ അവളെത്തി ബാഗ് എടുത്തു."ടീച്ചറെ താങ്ക്സ്". എന്ന് അവൾ പറഞ്ഞു.

രണ്ടുദിവസം കഴിഞ്ഞ് ഒരു വൈകുന്നേരം ഞാൻ ബസ് സ്റ്റോപ്പിൽ എത്തി. കുട്ടികൾ എല്ലാവരും ആദ്യമെത്തുന്ന ബസ്സിൽ കയറി പോകുന്നതിനാൽ ആരും തന്നെയില്ല. വിജനമായ റോഡിൽ ബസ് വരുന്നുണ്ടോ എന്ന് ശ്രദ്ധിച്ചുകൊണ്ട് നിൽക്കുമ്പോൾ "ടീച്ചറേ......"റോഡിന്റെ എതിർവശത്തു നിന്നും ഒരു വിളി. ഞാൻ നോക്കിയപ്പോൾ സജ്നയും , അനിയത്തിയും. അവൾ പുറംതിരിഞ്ഞ് ആഹ്ലാദത്തോടെ ചുമലുകൾ കുലുക്കി. പുറകിൽ ഞാൻ കൊടുത്ത ബാഗ് .തിരിഞ്ഞു നിന്ന് കൈകളുയർത്തി "Thumbs up " കാണിച്ചു തലയാട്ടി.ഉപയോഗിച്ച് കളയാൻ പോയ ബാഗ് ആണല്ലോ എന്ന് എൻറെ മനസ്സിൽ ഒരു സങ്കടം വന്നെങ്കിലും, ആ ഒൻപതാം ക്ലാസുകാരിയുടെ കണ്ണുകളിലെ തിളക്കം അധ്യാപന രംഗത്ത് ഏറെ കാലം കഴിഞ്ഞിട്ടും വല്ലാത്തൊരു നൊമ്പരം ആയി ഇന്നും ശേഷിക്കുന്നു.


Merry
Christmas
2021

# The expert in anything was once a beginner

Activity class -LP





# ASSEMBLY ON COVID DAYS



# LITTLE KITE TRAINING CLASSES





# CONGRATULATIONS

## LIC AWARD WINNERS





BY ANAMIKA -LP



# മണ്ണട്ടിക്കു കീഴേ ഉറങ്ങുന്ന സഖിക്ക് - കവിത

**ജിജി വി ജി (അധ്യാപിക)**

ഓരോ പുലരി കൊഴിയുമ്പോഴും
മെഴുകുപോലെൻഹൃദയം ഉരുകുന്നു
ഇണയെ വേർപെട്ട രാക്കിളിതൻ
ദീനരോദനം ചെവികളിൽ മുഴങ്ങുന്നു

ചന്ദ്രനുദിച്ചില്ല, ആമ്പൽ വിരിഞ്ഞുമില്ല
കാലം കോഴിതൻനീണ്ട കൂവൽ മാത്രം
പ്രകൃതിയെ പോലും ഉറക്കെ കരയിച്ച
വിഹ്വലതയുടെ പകലിരവുകൾ
എൻ കണ്ണിൽനിന്നുറും ചുട്ട നിണത്താൽ
മണ്ണുപോലും ചുവന്നു പോയിരിക്കുന്നു

മണ്ണട്ടിക്കു കീഴെ, സഖി നീ മയങ്ങുമ്പോഴും
ഉപ്പുകല്ലായി
ഞാനുറഞ്ഞു നിൽക്കുന്നിവിടെ
സ്വപ്നത്തിന്റെ കടും ചായങ്ങൾ തേച്ച്
ഞാൻ കോറിയിട്ട ചിത്രങ്ങളോന്നും
എൻ മിഴിനീരാൽ കുതിർന്നു പോയി
ഇനിയീ തമ്പുരുവിൽ രാഗങ്ങളില്ല

എൻഹൃദയരാഗവുംമണ്ണടിഞ്ഞുപോയി

കുട്ടിയുംകിഴിച്ചുംനമ്മളൊരുമിച്ച്

പണിപ്പെട്ട്കൂട്ടിയകണക്കോരോന്നും


ഒരുവേള ,

പാറക്കല്ലുകൾവിഴുങ്ങി..........

ഒപ്പം നിൻ ചേതനയും.........

Drawing by - MEEVAL LENIN Std 9

# RETIREMENTS 2021-22



## പെണ്ണവൾ കവിത


അവളുടെ സ്വപ്നങ്ങളും മോഹങ്ങളും
ആഗ്രഹങ്ങളും
കൂട്ടിലകപ്പെട്ട ഒരു
പക്ഷിയെപ്പോലെയായിരുന്നു........

ഇഷ്ടങ്ങളോരൊന്നായി അവളിൽ നിന്നും
തട്ടിയെടുക്കുമ്പോഴും
അവളുടെ നോവിന്റെ ആഴം
ആരുമറിഞ്ഞിരുന്നില്ല..............
ചുമതലകൾ അടിച്ചേല്പിക്കുമ്പോഴും
അവൻ അത്
തന്നെ ആവർത്തിച്ച
മൊഴിഞ്ഞുകൊണ്ടേയിരുന്നു
**വെറും പെണ്ണാണു നീ................**



അസിൻ ജോമോൻ

## Drawing by ElsaAngel 9B



# തൂലികാനാമങ്ങൾ

| | |
|---|---|
| **വിലാസിനി** | **എം കുട്ടികൃഷ്ണമേനോൻ** |
| **ഉറൂബ്** | **കുട്ടികൃഷ്ണൻ** |
| **മാധവിക്കുട്ടി** | **കമലദാസ്** |
| **നന്ദനാർ** | **പി സി ഗോപാലൻ** |
| **അക്കിത്തം** | **അക്കിത്തം അച്യുതൻ നമ്പൂതിരി** |
| **ഇടശ്ശേരി** | **ഇടശ്ശേരി ഗോവിന്ദൻ നായർ** |
| **കാക്കനാടൻ** | **ജോർജ് വർഗീസ്** |
| **ഇടപ്പള്ളി** | **രാഘവൻപിള്ള** |
| **പി** | **പി കുഞ്ഞിരാമൻ നായർ** |
| **എസ് കെ പൊറ്റക്കാട്** | **ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്** |
| **സുമംഗല** | **ലീലാ നമ്പൂതിരിപ്പാട്** |
| **പ്രേംജി** | **എം ടി ഭട്ടതിരിപ്പാട്** |
| **വി കെ എൻ** | **വടക്കേ കൂട്ടാല നാരായണൻകുട്ടിനായർ** |
| **തിക്കോടിയൻ** | **കുഞ്ഞനന്തൻ നായർ** |
| **എം ടി** | **മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ** |

## YOUR BEST


If you always try your best
Then you'll never have to wonder
About what you could have done
If you'd summoned all your thunder

And if your best
Was not as good
As you hoped it would be,
You still could say,
"I gave today
All that I had in me"

Anna Violet
8B



**Drawing by Serene Mariya 8 B**



**यादें**

यादें वह नहीं जो

दुखी मन को तडपाती हैं

यादें वह नहीं जो

जुदाई में आती हैं

यादें वह नही जो

तनहाई में आती हैं

यादे वह है जो

बारिश में भी प्यासा बना देती हैं

यादें वह है जो

रातों में सपनों को अधूरा छोड जाती हैं।

यादें वह है जो

भीड में भी अकेला छोड जाती हैं।

इसबल मरिया

IXB

## താരാട്ട്



എധന റോസ്

Std 7 B

ഇന്നലെ പുഴയിൽ ചാടി മരിച്ച ചേച്ചിയെ എനിക്ക് നന്നായി അറിയാം . എൻെറ അമ്മയോടൊപ്പം കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി പലപ്പോഴും എന്റെ വീട്ടിൽ വന്നിട്ടുണ്ട്. വീട്ടിൽ വരുമ്പോഴെല്ലാം മൂന്നു വയസ്സുകാരനായ ചേച്ചിയുടെ മകന്റെ കൂടെ കളിക്കൽ ആണ് എന്റെ പണി. നല്ല ഓമനത്തമുള്ള മിടുക്കനായ കുട്ടി . പൊന്നുപോലെ നോക്കുന്ന ചേച്ചിയും ഭർത്താവും . എന്നിട്ടും എന്തേ ഇങ്ങനെ തോന്നാൻ ? അമ്മ, അടുത്ത വീട്ടിലെ അനു ചേച്ചിയോട് പറയുന്നത് കേട്ടു. ഫേസ്ബുക്കിൽ പരിചയപ്പെട്ട ചേട്ടനുമായി ആ ചേച്ചിക്ക് എന്തോ ബന്ധമുണ്ടായിരുന്നു എന്നോ ? ഭർത്താവിനെയും കുഞ്ഞിനെയും ഉപേക്ഷിച്ച് പോവാൻ തീരുമാനിച്ചിരുന്നുവെന്നും മറ്റും. ബാക്കി കേൾക്കാൻ ഞാൻ അടുത്തേക്ക് ചെന്നപ്പോൾ അമ്മ എന്നെ വഴക്കു പറഞ്ഞു ഓടിച്ചു. ഞാൻ ചിന്തിക്കുന്നതതല്ല, ഇത്രയും പുന്നാരയായ കുഞ്ഞിനെ ഉപേക്ഷിച്ച് എങ്ങനെ ആ അമ്മയ്ക്ക് ഇങ്ങനെ ചെയ്യാൻ കഴിഞ്ഞു ? ഇനി അവനെ ആരു താരാട്ടു പാടി ഉറക്കും? എനിക്കവനെ കാണാൻ കൊതിയാവുന്നു. അവനിപ്പോൾ അമ്മയെ അന്വേഷിക്കുന്നുണ്ടാവും. ആ താരാട്ട് പാട്ട് കേട്ട് ഉറങ്ങാൻ ........

**&&&&&&&&**

## കുസൃതി ചോദ്യങ്ങൾ

-അമൃത പ്രതാപൻ

1.എല്ലാവരും ഇഷ്ടപ്പെടുന്ന വാർഡ്

2.കുറ്റവാളികൾ ഭയപ്പെടുന്ന മരം ഏത്

3.എപ്പോഴും വിശപ്പുള്ള രാജ്യം

4.കടയിൽ നിന്നും വാങ്ങാൻ പറ്റാത്ത ജാം

5.ന്യൂസുകൾ കൂടുതലുള്ള രാജ്യം

6.ഏറ്റവും കൂടുതൽ അമ്മമാരുള്ള രാജ്യം

7 ഏറ്റവും കൂടുതൽ തിരക്കുള്ള രാജ്യം

8.തൊലി കളഞ്ഞാൽ പേര് മാറുന്ന സാധനം

9 തമിഴ് വാക്കും മലയാളം വാക്കും ഒരുമിച്ച് ചേർത്ത് പറയുന്ന ഒരു ഫ്രൂട്ട്

10.വെള്ളത്തിൽ ജനനം.വെള്ളം കൊണ്ട് മരണം

**ഉത്തരങ്ങൾ**

1. അവാർഡ്

2.കഴുമരം

3. ഹംഗറി

4. ട്രാഫിക് ജാം

5. ന്യൂസിലാന്റ്

6. തായിലാന്റ്

7. അർജന്റീന

8. നെല്ല്

9. തണ്ണിമത്തൻ

10 . ഉപ്പ്

***********



**By**

**Ann Saniya P M - Std 8B**



**By**

**Pooja Praveesh 8 B**

## നിലാവ്

ഇരുട്ടിനെ പേടി മാറ്റി കുളിരേകും നിലാവ്

രാത്രി യാമങ്ങളിൽ സുഖമേകും നിലാവ്

എനിക്ക് രാത്രിയിൽ പുറത്തിറങ്ങാൻ

കൊതിതോന്നിക്കും നിലാവ് .

മരച്ചില്ലകളിലെ  മിന്നാമിനുങ്ങുകൾ ക്ക്

ഭംഗികൂട്ടും നിലാവ് .

രാത്രിയിൽ പുഴയുടെ തീരത്തിരിക്കുമ്പോൾ

പേടി നൽകാത്ത നിലാവ് .

എന്റെ അമ്പിളിമാമന്റെ കയ്യിൽ നിന്ന്

ദാനമായി കിട്ടിയ നിലാവ്.

നക്ഷത്രങ്ങൾ ചിമ്മി ചിമ്മി

അനുഗ്രഹിക്കും നിലാവ്

ഞാനാഗ്രഹിക്കുന്ന കൊതിക്കുന്ന

എനിക്കിഷ്ടമുള്ള നിലാവ്

**********


A girl with
beautiful hairs
style
by Angel

**By Angel – Std 4**

# THANK YOU